I.ഇ.ബി.XIകേരള നിയമസഭ/IV27

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 24, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

<u>വടക്കേക്കളത്തെ കർഷകരെ കുടിയൊഴിപ്പിക്കുന്ന നടപടികൾ നിറുത്തിവയ്ക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ.പി. മോഹനൻ</u>: കേരളത്തിലെ ആയിരക്കണക്കിന് കുടികിടപ്പുകാരും ചെറുകിട കർഷകരും കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നു. കേരള നിയമസഭ പാസ്സാക്കിയ 2001–ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലിന്റെ കാലാവധി 2003 മാർച്ച് 31–ന് അവസാനിക്കും. പെരിങ്ങളം നിയോജകമണ്ഡലത്തിലെ വടക്കേക്കളത്തെ വാഴമല, നരിക്കോട്, കൊയ്ത്താരിമല എന്നിവിടങ്ങളിൽ 40 വർഷത്തിലേറെയായി കൃഷി ചെയ്തുവരുന്ന കുടിയേറ്റക്കാരായ ചെറുകിട കർഷകരുടെ സ്ഥിതി വളരെ ദയനീയമാണ്. കൈവശഭൂമിയിൽനിന്നും ഏതുനിമിഷവും അവരെ ഒഴിപ്പിക്കുന്ന രീതിയിലാണ് ഹൈക്കോടതി വിധി. രേഖാമൂലമുള്ള കൈവശ ഭൂമിക്ക് അവർ ഭൂനികുതി അടയ്ക്കാറുണ്ടായിരുന്നു. പക്ഷേ ഇക്കഴിഞ്ഞ 4 വർഷങ്ങളായിട്ട് ഭൂനികുതി അടയ്ക്കാൻ അവരെ അനുവദിക്കുന്നില്ല. പഞ്ചായത്തിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾപോലും ഇപ്പോൾ ലഭിക്കുന്നില്ല. അവർക്ക്

റേഷൻ കാർഡ് ഉണ്ട്. രേഖാമൂലമുള്ള ഭൂമി കർഷകർക്ക് വിട്ടുകൊടുത്തതിനുശേഷം ബാക്കി ഭൂമി റീ സർവ്വേ നടത്തി തിരിച്ചെടുക്കാമെന്ന് ഹൈക്കോടതിയെ സർക്കാർ ബോദ്ധ്യപ്പെടുത്തണം. 1998-ൽ ഒഴിപ്പിക്കൽ നടപടികളാരംഭിച്ചപ്പോൾ രാഷ്ട്രീയനേതാക്കൾ സംയുക്തമായി തക്കസമയത്ത് എതിർത്തതിന്റെ പേരിൽ അവരെ രക്ഷിക്കുവാൻ കഴിഞ്ഞു. ഇനിയും അത്തരത്തിൽ ഒരു ദുരന്തം ആവർത്തിക്കാതിരിക്കാൻ ശാശ്വതമായ ഒരു നിയമനിർമ്മാണം ആവശ്യമാണ്. ഈ കർഷകരെ രക്ഷിക്കുവാനുള്ള നടപടിയുണ്ടാകണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ജന്മിമാരാൽ കബളിപ്പിക്കപ്പെട്ട് മിച്ചഭൂമി വാങ്ങി കൈവശം വച്ചിരിക്കുന്ന യഥാർത്ഥ കൃഷിക്കാരെ ഹൈക്കോടതി വിധി അനുസരിച്ച് ഒഴിപ്പിക്കേണ്ടിവന്ന സാഹചര്യത്തിൽ മാറിമാറി വന്ന ഗവൺമെന്റുകൾ അവർക്ക് സംരക്ഷണം നല്കാനുദ്ദേശിച്ച് ചില ആശ്വാസനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2001-ലെ 11-ാം ആക്ട് പ്രകാരം ഒഴിപ്പിക്കൽ തല്ക്കാലം നിർത്തിവച്ചുകൊണ്ടുള്ള നിയമമാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം പാസ്സാക്കിയത്. അതിന്റെ കാലാവധി 2003 മാർച്ച് 31-ന് അവസാനിക്കും. അതൊരു താല്ക്കാലിക നിയമനിർമ്മാണമായിരുന്നു. കർഷകരെ ഒഴിപ്പിക്കാൻ പാടില്ല, അവർക്ക് സ്ഥിരാവകാശം നല്കാനുതകുന്ന ഒരു നിയമം പാസ്സാക്കേണ്ടതുണ്ട്. അതുദ്ദേശിച്ചുള്ള ഒരു ബിൽ തയ്യാറായിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ അത് പാസ്സാക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഒരാശങ്കയും വേണ്ട; കർഷകർക്ക് പൂർണ്ണ സംരക്ഷണം നല്കണമെന്നതാണ് ഗവൺമെന്റിന്റെ നയം.

### (2) ഇടുക്കി ജില്ലയിലെ വികസന പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി

ശ്രീ. ഇ.എം. അഗസ്തി: കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഇടുക്കി ജില്ലയെ പൂർണ്ണമായി ചൂഷണം ചെയ്യുന്നുവെങ്കിലും അവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ശാസ്ത്രീയമായി ഒരു നടപടിയും ഇതുവരെ ഒരു സർക്കാരും സ്വീകരിച്ചിട്ടില്ല. ഇടുക്കി ജില്ല ജലവൈദ്യൂത പദ്ധതികളുടെയും കൃത്രിമ തടാകങ്ങളുടെയും നാടാണ്. എന്നാൽ അവിടത്തെ എല്ലാ നദികളും പുഴകളും മരിച്ചു കഴിഞ്ഞിരിക്കുന്നു. ജലവൈദ്യൂത പദ്ധതികളിൽ നിന്നും കുടിവെള്ളമെടുക്കാൻ കഴിയുന്നില്ല. ജലസ്രോതസുകൾ ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ളവയായതിനാൽ ഇടുക്കിയിൽ ജലസേചന പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നില്ല. ഇടുക്കി ജില്ലാ ആസ്ഥാനത്തിന്റെ വികസനത്തിന് ഫോറസ്റ്റ് വകുപ്പും ജില്ലാ ആസൂത്രണവകുപ്പും പരസ്പരം സഹകരിക്കുന്നില്ല. ഇടുക്കി ആർച്ച് ഡാം സന്ദർശകർക്കായി തുറന്ന് കൊടുക്കുന്നില്ല. ജലവൈദ്യുത പദ്ധതികൾ മൂലം ഒറ്റപ്പെട്ടുപോയ ഇടുക്കി ജില്ലയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 'കാഡ' മോഡലിൽ ഒരു പദ്ധതി നടപ്പി ലാക്കണം. ടൂറിസം വികസനത്തിനാവശ്യമായ ഫണ്ട് അനുവദിക്കണം. മലയോരവികസന അതോറിറ്റി എന്ന പ്രഖ്യാപിത സംരംഭം നടപ്പിലാക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): വികസനകാര്യത്തിൽ ഇടുക്കി വളരെ പുറകിലാണ്. ഇടുക്കി ഒരു പ്രത്യേക ജില്ലയായി

പ്രഖ്യാപിക്ക പ്പെട്ടതിനുശേഷമാണ് അവിടെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചത്. പ്രധാന വൈദ്യുതി ഉൽപ്പാദനകേന്ദ്രമായ ഇടുക്കിയിൽ ഓഫീസുകൾ കേന്ദ്രീകരിച്ചു പ്രവർത്തിപ്പിക്കുവാൻ കഴിയാ ത്തതുകൊണ്ടാണ് ഈ ജില്ല വികസനകാര്യത്തിൽ പിൻതള്ളപ്പെട്ടത്. ചണ്ടിഗർ മോഡൽ വികസനം ഇടുക്കിയിൽ നടപ്പിലാക്കിയാൽ അത് അവിടത്തെ വനപ്രകൃതിയെ പ്രതികൂലമായി ബാധിക്കും. ഇടുക്കിയിലെ പ്രകൃതിസമ്പത്ത് നിലനിർത്തിക്കൊണ്ട് അവിടത്തെ വികസനത്തിന് പുതിയ രൂപവും ഭാവവും നൽകാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

## സബ്മിഷൻ

### (1) <u>വ്യാജ മദ്യവിൽപ്പന തടയൽ</u>

<u>ശ്രീ. എം.വി. ജയരാജൻ:</u> തിരുവനന്തപുരം ജില്ലയിലെ വെള്ളറടയിലെ രണ്ട് വീടുകളിൽ ഭൂഗർഭ അറയിൽ സൂക്ഷിച്ചിരുന്ന വ്യാജ സ്പിരിറ്റ് പോലീസ് 23.7.02-ന് പിടിച്ചെടുത്തു. അയൽ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് വ്യാപകമായി സ്പിരിറ്റ് കൊണ്ടുവരുന്നുണ്ടെന്നും വ്യാജ മദ്യവിൽപ്പന നടക്കുന്നുണ്ടെന്നും എക്സൈസ് മന്ത്രിതന്നെ പറഞ്ഞിരിക്കുന്നു. പോലീസിന്റെ ഒത്താശയോടെയാണ് ഇവിടെ വ്യാജ മദ്യവിൽപ്പന നടക്കുന്നത്. ഓണം അടുത്തിരിക്കുന്ന ഈ അവസരത്തിൽ വ്യാജ മദ്യവിൽപ്പന തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചില്ലെങ്കിൽ അത് വലിയ മദ്യദുരന്തത്തിനിടയാക്കും. അതിനാൽ ചാരായ നിരോധനം പിൻവലിച്ച് പൊതുമേഖലയിൽ മദ്യവിൽപ്പന ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. അന്യസംസ്ഥാനങ്ങളിൽനിന്ന് വ്യാപകമായ തോതിൽ കേരളത്തിന്റെ പല ഭാഗങ്ങളിലും സ്പിരിറ്റ് കള്ളക്കടത്തായി കൊണ്ടുവരുന്നത് തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ ചെക്ക്പോസ്റ്റുകളിൽ ഉണ്ടാകുന്നില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ കെ. ശങ്കരനാരായണൻ):</u> കേരളത്തിൽ കാലാകാലങ്ങളായി നടന്നുകൊണ്ടിരിക്കുന്ന വ്യാജ മദ്യവിൽപ്പന ഇപ്പോഴും തുടരുന്നു. പോലീസിന്റെ ഒത്താശയോടെയാണ് സംസ്ഥാനത്ത് വ്യാജ മദ്യവിൽപ്പന നടക്കുന്നതെന്ന ആരോപണം ശരിയല്ല. വെള്ളറടയിൽനിന്നു് വ്യാജ സ്പിരിറ്റ് പിടിച്ചെടുത്തത് പോലീസാണ്. ഗവൺമെന്റ് വളരെ ഗൗരവമായി ഈ പ്രശ്നത്തെ കാണുന്നുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഓണക്കാലത്ത് വ്യാജ മദ്യവിൽപ്പന കർശനമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### (2) <u>കോട്ടയം-കട്ടപ്പന റൂട്ട് ദേശസാൽക്കരിച്ച ഉത്തരവ് റദ്ദാക്കൽ</u>

<u>ശ്രീ. സി.കെ. നാണു:</u> കോട്ടയം-കട്ടപ്പന ബസ് റൂട്ട് ദേശസാൽക്കരിച്ച ഉത്തരവ് റദ്ദാക്കിയ ഗവൺമെന്റിന്റെ നടപടി പുന:പരിശോധിച്ച് ഈ പ്രദേശത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്കും പ്രതിഷേധ സമരങ്ങൾക്കും പരിഹാരമുണ്ടാക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): 1967–ൽ ദേശസാൽക്കരിച്ച കോട്ടയം–കട്ടപ്പന റൂട്ടിൽ സ്വകാര്യ ബസ്സുകളുടെ കടന്നുകയറ്റം വ്യാപകമായ തോതിൽ നിലനിന്നിരുന്നു. ഇവിടെ ഓടിക്കൊണ്ടിരുന്ന 20 സ്വകാര്യ ബസ്സുകളുടെ പെർമിറ്റുകൾ ഇല്ലീഗലാണെന്ന് ഹൈക്കോടതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം അവ ഒഴിവാക്കി; കെ.എസ്.ആർ.ടി.സി. 29 ഷെഡ്യൂളുകൾ ആരംഭിച്ചു. ഈ മേഖലയിൽ ഓടിക്കൊണ്ടിരുന്ന സ്വകാര്യ ബസ്സുകളുടെ പെർമിറ്റുകൾ റദ്ദാക്കുമ്പോൾ പകരം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിച്ചില്ലെങ്കിൽ സ്വാഭാവികമായും നിലവിലുള്ള നിയമമനുസരിച്ച് അപേക്ഷിക്കുന്ന സ്വകാര്യ ബസ് ഓപ്പറേറ്റർമാർക്കെല്ലാം പെർമിറ്റുകൾ നൽകേണ്ടിവരും. ഇത് സ്വകാര്യ ബസ്സുകളുടെ മൽസര ഓട്ടത്തിന് ഇടയാക്കുകയും ഹൈറേഞ്ച് പ്രദേശമായ ഈ മേഖലയിൽ അപകടങ്ങൾ വർദ്ധിക്കുകയും ചെയ്യും. കൂടാതെ സ്വകാര്യ ബസ്സുകൾക്ക് വീണ്ടും പെർമിറ്റ് കൊടുത്താൽ ഈ മേഖലയിൽനിന്ന് കെ.എസ്.ആർ.ടി.സി.യ്ക്ക് പിൻതിരിയേണ്ടി വരികയും ദീർഘദൂര സർവ്വീസുകൾക്ക് ബുദ്ധിമുട്ടുണ്ടാകുകയും ഇവിടെയുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്യും. ഈ സാഹചര്യത്തിൽ സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കി കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കാൻ തീരുമാനിച്ചു. ഇതിനെതിരെയുള്ള സമരത്തിന്റെയും മറ്റും അടിസ്ഥാനത്തിലാണ് ഈ റൂട്ടിലെ ദേശസാൽക്കരണം ഒഴിവാക്കാൻ തീരുമാനമെടുത്തത്.

## (3) വൈരക്കൽ പോളിഷിംഗ് മേഖലയിലെ പ്രതിസന്ധി

ശ്രീ.ടി.വി. ചന്ദ്രമോഹൻ: കുന്നംകുളം നിയോജകമണ്ഡലത്തിലെ വൈരക്കൽ പോളിഷിംഗ് കമ്പനികൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുവായ റാ ഡയമണ്ടിന്റെ ദൗർലഭ്യം പരിഹരിച്ച് പ്രസ്തുത സ്ഥാപനങ്ങൾ പൂട്ടിയിടുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടുന്നതിന് ബുദ്ധിമുട്ടില്ല. ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ റാ ഡയമണ്ട് ലഭ്യമാക്കുന്നതിനെക്കുറിച്ച് ആരാഞ്ഞ് പ്രശ്നം പരിഹരിക്കുന്നതിന് ശ്രമിക്കാം.

## (4) കയർ തൊഴിലാളികളും ചെറുകിട കയർ ഫാക്ടറി ഉടമകളും സർക്കാരുമായുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ

ശ്രീ.ടി.കെ.ദേവകുമാർ: 26–12–2001–ൽ കയർ തൊഴിലാളികളും ചെറുകിട കയർ ഫാക്ടറി ഉടമകളും സർക്കാരുമായുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ അടിയന്തിരമായി പ്രാവർത്തിക മാക്കുകയും ഡിസ്ട്രസ് പർച്ചേസിൽ കയറും കയറുൽപ്പന്നങ്ങളും കളക്ട് ചെയ്തതിന്റെ വിവരം വ്യക്തമാക്കുകയും ചെയ്യണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): റിബേറ്റ് കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുക എന്നതായിരുന്നു കയർ വകുപ്പും തൊഴിൽ വകുപ്പും കയർ ബോർഡും ചേർന്ന് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ എടുത്ത തീരുമാനം. അതനുസരിച്ച് കുടിശ്ശിക അടക്കം റിബേറ്റ് ഈ ഗവൺമെന്റ് കൊടുത്തുതീർത്തു. 8 കോടിരൂപ ഡിസ്ട്രസ്സ് പർച്ചേസിനുവേണ്ടി കൊടുത്തു. ആർ. ആന്റ് ഡി.ക്കുവേണ്ടി ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചത് ഈ ഗവൺമെന്റാണ്. കയർ രംഗത്ത് ഇന്ന് യാതൊരു പ്രതിസന്ധിയുമില്ല.

(5) തിരുവനന്തപുരം നഗരത്തിലെ ജലക്ഷാമ പരിഹാരവും പട്ടം-മുറിഞ്ഞപാലം സ്വീവറേജ് ലൈൻ കമ്മീഷൻ ചെയ്യലും

ശ്രീ. കെ. മോഹൻകുമാർ : തിരുവനന്തപുരം നഗരത്തിലെ ചെന്നിലോട്, ചെട്ടിക്കുന്ന്, ബനഡിക്ട് നഗർ, എരപ്പുകുഴി-പാറച്ചാണി പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും പട്ടം-മുറിഞ്ഞപാലം സ്വീവറേജ് ലൈൻ കമ്മീഷൻ ചെയ്യുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല വിതരണം കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടിയുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാകുമ്പോൾ വരുംവർഷങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. ചെന്നിലോട്, ചെട്ടിക്കുന്ന് എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി 30 ലക്ഷംരൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകി അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ബനഡിക്ട് നഗർ-എരപ്പുകുഴി -പാറച്ചാണി പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്ന തിനായി 1.27 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പട്ടം-മുറിഞ്ഞ പാലം സ്വീവറേജ് ലൈൻ ഈ സാമ്പത്തികവർഷംതന്നെ കമ്മീഷൻ ചെയ്യും.

(6) പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ

ശ്രീ. പി.എസ്. സുപാൽ: പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഇരുപതിലധികം ഷെഡ്യൂളുകൾ കുറയ്ക്കാനും ഡിപ്പോയെ തരംതാഴ്ത്താനുമുള്ള നടപടി പുനഃപരിശോധിക്കാനും ഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): റോഡിന് വീതി കൂട്ടുന്നതു കൊണ്ട് പതിനഞ്ചോളം ബസുകൾ പുറത്ത് പാർക്ക് ചെയ്യേണ്ടിവന്നതു കാരണം ഡീസലും സ്പെയർപാർട്ടുകളും മോഷ്ടിക്കപ്പെട്ടു. അതുകൊണ്ട് രാത്രി ഡെഡ് മൈലേജിന് ഓടുന്ന ബസുകൾ തിരിച്ച് പുനലൂരിലേയ്ക്ക് വരാതെ പണി പൂർത്തിയാകാറായ കുളത്തുപ്പുഴ ഡിപ്പോയിലേയ്ക്ക് മാറ്റാമെന്ന തീരുമാനമെടുത്തത് ബഹുമാനപ്പെട്ട അംഗത്തിന്റെകൂടി സമ്മതത്തോടുകൂടിയാണ്. ഡിപ്പോയെ തരംതാഴ്ത്തുന്ന യാതൊരു നടപടിയും സ്വീകരിക്കുന്നതല്ല.

(7) ഗ്രാമ പഞ്ചായത്ത് സാംസ്കാരിക കേന്ദ്രങ്ങളിലെ ലൈബ്രേറിയൻമാരെ സ്ഥിരപ്പെടുത്തൽ

ശ്രീ. പി.കെ. അബ്ദു റബ്ബ് : സംസ്ഥാനത്ത് 1987-ൽ നടപ്പാക്കിയ പതിനൊന്നിന പരിപാടിയിൻകീഴിൽ ഗ്രാമ പഞ്ചായത്ത് സാംസ്കാരിക കേന്ദ്രങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയന്മാരെ സ്ഥിരപ്പെടുത്താനും അവരുടെ ഓണറേറിയം വർദ്ധിപ്പിക്കാനും അടിയന്തിര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സംസ്ഥാനത്ത് പതിനൊന്നിന പരിപാടിയിൻകീഴിൽ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ജോലിചെയ്യുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരെ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തിയാൽ ശമ്പളത്തിനും അലവൻസിനുമായി പ്രതിവർഷം കോടിക്കണക്കിന് രൂപയുടെ അധികച്ചെലവുണ്ടാകുമെന്നതിനാൽ ധനകാര്യ കമ്മീഷനും ധനകാര്യ വകുപ്പും ഈ നിർദ്ദേശത്തെ എതിർക്കുന്നു. മാത്രമല്ല, പാർട്ട് ടൈം/ കണ്ടിൻജന്റ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് ഈ വിഭാഗത്തെ സ്ഥിരപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പും അനുകൂലമല്ല. ഇവരുടെ സേവന കാലാവധി 31-3-2003 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ക്രമപ്രശ്നം

(1) <u>നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ എം.എൽ.എ.മാർ പങ്കെടുക്കേണ്ട മറ്റുപൊതുപരിപാടികൾ നടത്തുന്നതു സംബന്ധിച്ച്</u>

ശ്രീ.പി.സി.ജോർജ്: നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ എം.എൽ.എ.മാർ പങ്കെടുക്കേണ്ട മറ്റു പൊതുപരിപാടികൾ നടത്താൻ പാടില്ലെന്ന ചെയറിന്റെ റൂളിംഗിന് വിരുദ്ധമായി കഴിഞ്ഞ കുറെ ദിവസങ്ങളായി മറ്റു കമ്മിറ്റികളിൽ പങ്കെടുക്കുന്നതിനായുള്ള കത്തുകൾ എം.എൽ.എ.മാർക്ക് കിട്ടിക്കൊണ്ടിരിക്കുകയാണ്. ഇത് ഒരിക്കലും അനുവദിക്കാൻ പാടില്ല. ഇത് സഭയേയും എം.എൽ.എ.മാരേയും അപമാനിക്കുന്നതിന് തുല്യമാണ്. ആയതിനാൽ ചെയറിൽനിന്നും വ്യക്തമായ നിർദ്ദേശമുണ്ടാകണം.

മി. സ്പീക്കർ : ഭരണ-പ്രതിപക്ഷ എം.എൽ.എ.മാർ ഇതിനെപ്പറ്റി എന്നോട് നിരന്തരം പറയുന്നുണ്ട്. നിയമസഭ സമ്മേളിക്കുമ്പോൾ വർക്കിംഗ് ഡേയ്സിൽ ഒരു കമ്മിറ്റിയും വയ്ക്കാൻ പാടില്ല, വീക്ക് എൻഡിൽ വേണമെങ്കിൽ വയ്ക്കാവുന്നതാണ്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ചെയറിന് പ്രിവിലേജ് നടപടി സ്വീകരിക്കേണ്ടിവരും. അതിന് പ്രേരിപ്പിക്കാതെ ബഹുമാനപ്പെട്ട മന്ത്രിമാർ വേണ്ട നിർദ്ദേശം നൽകണം.

(2) <u>ആദിവാസി വികസന ഫണ്ട് വ്യക്തികളുടെ പേരിൽ നിക്ഷേപിച്ചതു സംബന്ധിച്ച്</u>

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: ആദിവാസി ക്ഷേമത്തിനായി അനുവദിച്ച ഫണ്ടിൽ ചെലവഴിക്കാത്ത ഒരുകോടി അറുപത്തിയൊന്നുലക്ഷം രൂപ അട്ടപ്പാടിയിലുള്ള. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷേപിച്ചുവെന്നാണ് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയും പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രിയും സഭയിൽ നൽകിയ മറുപടി. ഇന്നലെയാണ്

പണം ബാങ്കിൽ നിക്ഷേപിച്ചത്. മാത്രമല്ല, ഈ പണം ഒരു ആദിവാസിയുടേയും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടേയും പേരിൽ സംയുക്തമായിട്ടാണ് നിക്ഷേപിച്ചിരിക്കുന്നത്. വയനാട് ജില്ലയിൽ ഒൻപതു കോടി രൂപ വിഭജിച്ച് 60 ആദിവാസികളുടേയും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടേയും പേരിൽ നിക്ഷേപിച്ചിരിക്കുന്നു. ജോയിന്റ് അക്കൗണ്ട് ആയതിനാൽ ഈ പണം പിൻവലിക്കാൻ കഴിയാതെ സഹകരണ ബാങ്കിൽ കിടക്കുകയാണ്. വ്യക്തികളുടെ പേരിൽ പണം നിക്ഷേപിച്ചിരിക്കുന്നത് നിയമവിരുദ്ധമായ നടപടിയാണ്. ഈ പണം 48 മണിക്കൂറിനുള്ളിൽ ട്രഷറിയിൽ നിക്ഷേപിക്കുമെന്ന ഉറപ്പ് ഗവൺമെന്റിന് പാലിക്കാനും കഴിഞ്ഞിട്ടില്ല. അത്യന്തം ഗുരുതരമായ ഈ പ്രശ്നം ഇപ്പോൾ സഭയുടെ പ്രശ്നമായി മാറിയിരിക്കുന്നതിനാൽ ഗവൺമെന്റ് മാത്രം തീരുമാനം എടുത്താൽ പോരാ, ബഹുമാനപ്പെട്ട സ്പീക്കർ തീരുമാനം എടുക്കണം. ഈ പ്രശ്നത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തണം: പിന്നോക്ക –പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സഭയിൽ ഇതിനെപ്പറ്റി വിശദീകരണം നൽകണം.

പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): ജൂൺ മാസം 30–ാം തീയതിക്കകം ചെലവഴിക്കാത്ത പണം ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് ആവർത്തിച്ച്
ഉത്തരവ് നൽകിയിരുന്നു. ചില ട്രൈബൽ ആഫീസർമാർക്ക് നിയന്ത്രണാതീതമായ കാരണങ്ങളാൽ ട്രഷറിയിൽ നിക്ഷേപിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കഴിഞ്ഞ തിങ്കളാഴ്ചയോടുകൂടി എല്ലാ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരും ട്രഷറിയിൽ പണം നിക്ഷേപിച്ചുവെന്നാണ് അറി
യുന്നത്. അട്ടപ്പാടിയുടെ കാര്യത്തിൽ ഐ.ടി.ഡി.പി. ആഫീസർ ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥനാണ്. ഗ്രാമവികസന വകുപ്പിനും ട്രൈബൽ ഡിപ്പാർട്ടുമെന്റിനും ഡ്യുവൽ കൺട്രോളാണ്. ഐ.ടി.ഡി.പി. ആഫീസർ സസ്പെൻഷനിലാണ്. പുതിയതായി ചാർജ്ജ് എടുത്ത ഉദ്യോഗസ്ഥൻ ട്രഷറിയിൽ ഒപ്പ് അറ്റസ്റ്റ് ചെയ്തിരുന്നില്ല. ഒപ്പ് അറ്റസ്റ്റ് ചെയ്ത് തിങ്കളാഴ്ചയോടുകൂടി പണം ട്രഷറിയിൽ നിക്ഷേപിച്ചുവെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. വയനാട്ടിലാകട്ടെ ഹൗസിംഗിനാണ് പണം കൊടുത്തത്. ഓരോ സ്റ്റേജും പൂർത്തിയാകുന്ന മുറയ്ക്കാണ് പണം റിലീസ് ചെയ്യേണ്ടത്. മൊത്തമായി പണം കൊടുത്താൽ സ്റ്റേജ് പൂർത്തിയായിട്ടില്ലെന്നും സ്റ്റേജ് ബൈ സ്റ്റേജായി കൊടുത്തിട്ടില്ലെന്നുമുള്ള ആക്ഷേപം ഉണ്ടാകാൻ ഇടയാകുമെന്നതിനാൽ ബെനിഫിഷ്യറീസിന്റേയും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടേയും പേരിൽ ജോയിന്റ് അക്കൗണ്ടായി സഹകരണ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി അന്വേഷിക്കാനുള്ള
ഉത്തരവ് ആയിട്ടുണ്ട്.

മി. സ്പീക്കർ: അടിയന്തിരമായി ഇതിനെക്കുറിച്ച് അന്വേഷിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): 48 മണിക്കൂറിനകം ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുമെന്നു പ്രഖ്യാപിച്ചിരുന്നെങ്കിലും നൂറു മണിക്കൂർ കഴിഞ്ഞിട്ടും ട്രഷറിയിൽ നിക്ഷേപിച്ചിട്ടില്ല. പ്രഖ്യാപനം നിറവേറ്റിയിട്ടില്ലെന്ന് വ്യക്തമായിരിക്കുന്നു. ട്രൈബൽ വെൽഫെയർ

ഓഫീസറും ചില വ്യക്തികളും ചേർന്ന് പണം ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നതായി അറിയുന്നു. ഗവണ്മെന്റ് പണം വ്യക്തികളുടെ പേരിൽ നിക്ഷേപിക്കാൻ മന്ത്രിസഭ അനുവാദം കൊടുത്തിട്ടുണ്ടോ എന്നറിയണം. Temporary misappropriation ഇപ്പോൾ permanent misappropriation എന്ന സ്ഥിതിയിലേയ്ക്ക് മാറിയിരിക്കുന്നു. വളരെ സീരിയസ്സായ സംഗതിയാണിത്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ കൂടി ചുമതല വഹിക്കുന്ന ധനകാര്യവകുപ്പുമന്ത്രി മറുപടി പറയണം. ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിലുള്ള അന്വേഷണം നടത്തേണ്ടതില്ല. ജൂഡീഷ്യൽ അന്വേഷണം നടത്തുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ പൊതുവായി അംഗീകരിക്കത്തക്ക വിധത്തിലുള്ള അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ എന്നറിയണം .

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ.കുട്ടപ്പൻ):: ജില്ലാകളക്ടർ ചെയർമാനായ വർക്കിംഗ് ഗ്രൂപ്പാണ് വയനാട് ജില്ലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ബെനിഫിഷ്യറിയുടെയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെയും പേരിൽ ഫണ്ട് നിക്ഷേപിക്കാൻ തീരുമാനിച്ചത്. അപ്രകാരം ചെയ്യാൻ സർക്കാർ നിർദ്ദേശം കൊടുത്തിട്ടില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഇവിടെ ഉന്നയിച്ച കാര്യങ്ങൾ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ചീഫ് സെക്രട്ടറിയെ അധികാരപ്പെടുത്തി യിട്ടുണ്ട്. എത്രയുംവേഗം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്തെങ്കിലും അപാകതയുണ്ടെന്നുകണ്ടാൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. ഗവൺമെന്റ് പണം നഷ്ടപ്പെടാനുള്ള ഒരവസര ത്തിനും ഗവൺമെന്റ് കൂട്ടുനിൽക്കില്ല.

(ആദിവാസിക്ഷേമ ഫണ്ട് വ്യക്തികളുടെ പേരിൽ നിക്ഷേപിച്ചതു സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിറങ്ങി സഭ പിരിയുന്നതുവരെ സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## റിപ്പോർട്ട് സമർപ്പണം

(1) പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 16 മുതൽ 18 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2002-ലെ കേരള ധനകാര്യബിൽ പരിഗണനയക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2002-ലെ കേരള ധനകാര്യബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം.ഹസ്സൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2002-ലെ ധനകാര്യ ബില്ലിൽ പെട്രോളിയം ഉല്പന്നങ്ങൾ, തടി, കോഴിയും കോഴിയിറച്ചിയും, റെഡി മിക്സഡ് കോൺക്രീറ്റ്, ഭക്ഷ്യ-ഭക്ഷ്യേതര എണ്ണകൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വാട്ടർ, സപ്ളൈ- സാനിറ്ററി ഉപകരണങ്ങളും ഫിറ്റിംഗ്സും, ഫാൻ, ഗ്രൈൻഡർ, കുക്കിംഗ് റെയ്ഞ്ച്, വാട്ടർഹീറ്റർ, ഇലക്ട്രിക്കൽ വയറിംഗ് കേബിൾ, ACSR കണ്ടക്ടേഴ്സ് മുതലായവ, ഗ്രാനൈറ്റ് മെറ്റൽ, ചിപ്സ് ആന്റ് പൗഡർ എന്നീ ഇനങ്ങൾക്ക് പ്രവേശന നികുതി ചുമത്തിയിട്ടുണ്ട്. പ്രവേശന നികുതി ഏർപ്പെടുത്തിയതുമൂലമുള്ള പല പ്രായോഗിക ബുദ്ധിമുട്ടുകളെക്കുറിച്ചും സർക്കാരിന് നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. പ്രവേശന നികുതി നിയമമനുസരിച്ച് വ്യാപാരികൾ നൽകുന്ന പ്രവേശന നികുതി അവരുടെ വില്പന നികുതി ബാദ്ധ്യതയിൽ തട്ടിക്കിഴിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ വിവിധ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നവർക്കും സംസ്ക്കരണം ചെയ്യുന്നവർക്കും അസംസ്കൃതവസ്തുക്കളായി ഉപയോഗിക്കുന്നതുകൊണ്ട് ഈ ആനുകൂല്യം ലഭ്യമല്ല. ബേസ് ഓയിൽ, പാചകവാതകം, ഭക്ഷ്യ എണ്ണ, തടി തുടങ്ങിയ സാധനങ്ങൾ കേരളത്തിൽ ലഭ്യത കുറവായതിനാൽ സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരാതെ കഴിയില്ല. കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും പെട്രോളിയം ഉൽപന്നങ്ങൾക്ക് പ്രവേശന നികുതി നൽകാൻ പ്രായോഗികമായി പല ബുദ്ധിമുട്ടുകളുമുണ്ട്. മെഴുക് സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാൽ മെഴുകുതിരി ഉല്പാദകർക്ക് അത് പുറത്തുനിന്നും കൊണ്ടുവരാതെ കഴിയില്ല. അതുപോലെ വില്പന നികുതിയിളവ് നൽകിയിട്ടുള്ള കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണിലെ വ്യവസായങ്ങൾക്കും പ്രവേശന നികുതി ഏർപ്പെടുത്തിയതുകൊണ്ട് പ്രശ്നങ്ങളുണ്ട്. കാന്റീൻ വഴി വില്പന നടത്തുന്ന വിദേശ മദ്യത്തിന്റെ നികുതി വർദ്ധിപ്പിച്ചത് പിൻവലിക്കണമെന്ന് വിമുക്തഭടന്മാർ ഒന്നടങ്കം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലും 18-7-2002-ൽ കൂടിയ സബ്ജക്ട് കമ്മിറ്റി ചർച്ചയുടെ അടിസ്ഥാനത്തിലും പെട്രോളിയം ഉല്പന്നങ്ങൾ സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങളും, വകുപ്പുകളും, പെട്രോളിയം ഉല്പന്നങ്ങൾ, ഭക്ഷ്യ എണ്ണ, ഭക്ഷ്യേതര എണ്ണകൾ, തടി/മരം എന്നിവ സംസ്ക്കരണത്തിനും, ഉല്പാദനത്തിനുമായി കൊണ്ടുവരുന്ന രജിസ്ട്രേഷൻ എടുത്തിട്ടുള്ള ഉല്പാദകർ, പാചകവാതക വിതരണം നടത്തുന്ന രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ, കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണിലുള്ള വ്യവസായ യൂണിറ്റുകൾ, മെഴുകുതിരി ഉല്പാദനത്തിനായി സംസ്ഥാനത്തിന് പുറത്തുനിന്ന് മെഴുക് കൊണ്ടുവരുന്നതിന് രജിസ്ട്രേഷൻ എടുത്തിട്ടുള്ള ഉല്പാദകർ എന്നീ വ്യക്തികളേയും സ്ഥാപനങ്ങളേയും പ്രവേശന നികുതിയിൽനിന്ന് ഒഴിവാക്കുന്നു. ഈ ഒഴിവാക്കൽമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ല. ഇഞ്ചിക്ക് ചുമത്തിയിരുന്ന

4 ശതമാനം വില്പന നികുതി പൂർണ്ണമായും ഒഴിവാക്കുന്നതുമൂലം സർക്കാരിന് 2.64 കോടിരൂപയുടെ നഷ്ടമുണ്ടാകും. കാപ്പിക്ക് ഏർപ്പെടുത്തിയ 8 ശതമാനം വില്പന നികുതി 4 ശതമാനമായി കുറയ്ക്കുന്നതുമൂലം 4 കോടിരൂപയുടെ കുറവുവരും. വിമുക്തഭടന്മാർക്ക് കാന്റീൻവഴി വില്പന നടത്തുന്ന വിദേശമദ്യത്തിന് 45 ശതമാനത്തിൽനിന്നും 70 ശതമാനമായി ഉയർത്തിയ നികുതി വർദ്ധനവ് 55 ശതമാനമായി നിശ്ചയിക്കുന്നു. ഇതുമൂലം നികുതിയിൽ ഉദ്ദേശം 3.60 കോടിരൂപയുടെ കുറവ് വരും. ചിട്ടി കമ്പനികളിൽ നടത്തുന്ന നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ചിറ്റാളന് ആസ്തിയുടെ 50 ശതമാനം സലയുള്ള ചിട്ടികൾ മാത്രം നടത്തുവാനേ അനുമതി നൽകുകയുള്ളൂ. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2002-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ</u>): താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു:

In section 67(2) of the Abkari Act, 1077 proposed to be inserted by clause 2(3),

(1) for "Rs.25,000 (Rupees twenty five thousand only)" substitute twenty five thousand rupees".
(2) for "under the Act" substitute the words "under this Act".

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ</u>): താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു:

In clause 3(3) (b)

(1) delete the portion starting with the words
" provided also that where such a dealer has paid "and ending with the words "immediate preceding year".

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(1) Section 3(5) (b) of the Kerala Chitties Act 1975 proposed to be amended by clause 4(1) (a) shall be redrafted as follows:

(b) in other cases 50 percent of the net assets of the foreman:
provided that nothing contained in this sub section shall apply incase of any chitty of which the foreman is a company owned by the Government of Kerala.

(2) Delete sub clause 1 (b) of clause 4.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5–ഉം 6–ഉം 7–ഉം വകുപ്പുകൾ

5–ഉം 6–ഉം 7–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

5–ഉം 6–ഉം 7–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു:

In clause (1) subclause (1) delete the following words:
"Clause 1".
"In clause 1 instead of sub clause (2) the following shall be substituted".

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 1–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2002-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാവിലെ 10.32-ന് പിരിഞ്ഞു.